

SATURDAY 14-05-2022 ശനിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor : Sunilkumar R** **Editor : Dr Asha T T**

Farm Information Bureau, Kowdiar, Thiruvananthapuram – 695003,

Website: fibkerala.gov.in E-mail:piofibtvm@gmail.com Telephone: 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-14/05/2022.

1. സഹകരണ ബാങ്കുകളിൽ നിന്നും കർഷകർ എടുത്ത വായ്പകൾക്ക് കാർഷിക കടാശ്വാസ കമ്മീഷൻ മുഖേന ഇളവിനായി അപേക്ഷിക്കാനുള്ള തീയതി രണ്ട് വർഷത്തേക്ക് കൂടി നീട്ടി. ഇതുപ്രകാരം ഇടുക്കി, വയനാട് ഒഴികെയുള്ള ജില്ലകളിലെ കർഷകർക്ക് 2016 മാർച്ച് 31 വരെയും ഇടുക്കി, വയനാട് ജില്ലകളിലെ കർഷകർക്ക് 2020 ഓഗസ്റ്റ് 31 വരെയുമുള്ള വായ്പകൾക്ക് കടാശ്വാസകമ്മീഷൻ പരിധിയിൽ ഇളവിനായി അപേക്ഷിക്കാവുന്നതാണ്.

2. കർഷകർക്ക് പാൽ സംഭരണവിലക്ക് പുറമെ ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചിത തുക ഡി.ബി.റ്റി (ഡയറക്റ്റ് ബെനഫിറ്റ് ട്രാൻസ്ഫർ) സംവിധാനം വഴി അധിക വിലയായി എല്ലാ മാസവും 10-ന് മുമ്പായി ക്ഷീരകർഷകർക്ക് നൽകുന്നതിനുള്ള ക്രമീകരണം ജൂൺ മാസം ഒന്നിനു മുമ്പ് നടപ്പിലാക്കുന്നതിന് മൃഗസംരക്ഷണ ്ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ധാരണയായി. എല്ലാ ക്ഷീരകർഷകരെയും കിസാൻ ക്രെഡിറ്റ് കാർഡിന്റെ പരിധിയിൽ ഉൾപ്പെടുത്തി നാലുശതമാനം പലിശക്ക് പ്രവർത്തന മൂലധനം ലഭ്യമാക്കുവാൻ ബാങ്ക് തല യോഗം വിളിക്കുവാനും യോഗത്തിൽ തീരുമാനിച്ചു.

3. സംസ്ഥാന സർക്കാരിന്റെ ഒന്നാംവാർഷികത്തോടനുബന്ധിച്ച് പത്തനംതിട്ട ജില്ലാ സ്റ്റേഡിയത്തിൽ വച്ച് **ഈ മാസം 17 വരെ** (മെയ് 17 വരെ) നടക്കുന്ന പ്രദർശന വിപണന മേളയിൽ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിന്റെ സ്റ്റാളിൽ കർഷകരുടെ മണ്ണ് സാമ്പിളുകൾ സൗജന്യമായി പരിശോധിക്കുന്നതിനുള്ള സൗകര്യമൊരുക്കിയിരിക്കുന്നു. താൽപര്യമുള്ളവർ മണ്ണ് സാമ്പിളുകൾ സ്റ്റാളിൽ എത്തിക്കണമെന്ന് മണ്ണ് പര്യവേഷണ അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു. പരിശോധനാഫലത്തോടൊപ്പം ഓരോ വിളകൾക്കും അനുയോജ്യമായ വളപ്രയോഗ ശുപാർശകൾ അടങ്ങിയ മണ്ണാരോഗ്യകാർഡ് നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0468-2323105** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

4. കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ ഉത്പാദിപ്പിക്കുന്ന വിവിധ ചിക്കൻ ഉത്പന്നങ്ങൾ വിൽക്കുന്നതിന് തിരുവനന്തപുരം നഗരത്തിലെ പ്രധാന സർക്കാർ ഓഫീസുകൾ കേന്ദ്രീകരിച്ച് സഞ്ചരിക്കുന്ന വിൽപ്പന കേന്ദ്രം ഈ **മാസം** 18 (മേയ് 18) മുതൽ ആരംഭിക്കുന്നു. കെപ്കോ

ഉത്പന്നങ്ങൾ സെക്രട്ടറിയേറ്റിൽ വൈകിട്ട് 3.30 മുതൽ 4 വരെയും വികാസ്ഭവനിൽ വൈകിട്ട് 4.15 മുതൽ 5.15 വരെയും വഴുതയ്ക്കാട് വൈകിട്ട് 5.30 മുതൽ 6 വരെയും ഓഫീസ് ജീവനക്കാർക്കും പൊതുജനങ്ങൾക്കും ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **9495000924, 9074893474** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

5. തിരുവനന്തപുരം ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രം കുടപ്പനക്കുന്നിൽ 2022 ലെ പാൽക്കാർഡ് ലഭിക്കുന്നതിനായി 2021 നവംബർ, ഡിസംബർ മാസങ്ങളിൽ അപേക്ഷ നൽകിയിട്ടും പാൽക്കാർഡ് ലഭിക്കാത്ത ഗുണഭോക്താക്കൾക്കുള്ള പാൽക്കാർഡ് വിതരണം **ഈ മാസം 16 മുതൽ 21 വരെ** (മെയ് 16 മുതൽ 21 വരെ) ഓഫീസ് പ്രവർത്തി ദിവസങ്ങളിൽ രാവിലെ 11 മണി മുതൽ ഉച്ചയ്ക്ക് 3 മണി വരെ നൽകുന്നു. അപേക്ഷകർ റേഷൻ കാർഡ്, ടോക്കൺ എന്നിവ സഹിതം ഹാജരാകേണ്ടതാണ്. അവധി ദിവസങ്ങളിൽ മാത്രം പാൽ ആവശ്യമുള്ള അപേക്ഷകർക്ക് ഹോളിഡേ കാർഡ് വിതരണവും ഇതേ ദിവസങ്ങളിൽ ഉണ്ടായിരിക്കുന്നതാണ്. പൊതുജനങ്ങൾക്ക് എല്ലാ ദിവസവും രാവിലെ 7.30 മുതൽ 7.45 വരെയും വൈകുന്നേരം 3.15 മുതൽ 3.30 വരെയും ഫാം മിൽക്ക് ബൂത്തിൽ നിന്നും ഒരു ലിറ്ററിന് 46 രൂപ നിരക്കിൽ പാൽ വാങ്ങുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471–2732962** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

6. വിത്തു മുതൽ വിപണി വരെ എല്ലാ കാർഷിക പ്രവർത്തനങ്ങളെയും കോർത്തിണക്കിക്കൊണ്ട് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഒരുക്കിയിരിക്കുന്ന സ്റ്റാളുകൾ വയനാട് കൽപറ്റയിൽ ഒരുക്കിയിരിക്കുന്ന എന്റെ കേരളം പ്രദർശന വിപണന മേളയുടെ ഏറ്റവും പ്രധാന ആകർഷണമായി. മണ്ണൊരുക്കൽ വിത്തിടൽ, വിളപരിപാലനം എന്നിവ മുതൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം, ബ്രാൻഡിംഗ് വിപണനം എന്നിവ വരെയുള്ള പ്രവർത്തനങ്ങളുടെ മാതൃക സ്റ്റാളുകൾ ഇവിടെ ഉണ്ട്. ആധുനിക കൃഷി രീതികളും പരമ്പരാഗത കൃഷി മുറകളും, പരമ്പരാഗത കാർഷിക ഉപകരണങ്ങളും ഇവിടെ സജ്ജീകരിച്ചിരുന്നു. 5000 ചതുരശ്ര അടിയിൽ നിർമ്മിച്ച അതിമനോഹരമായ ജൈവ ഗൃഹവും, സെൽഫി പോയിന്റും സന്ദർശകരെ ഏറെ ആകർഷിക്കുന്നു. കൃഷിഭവന്റെ സേവനങ്ങളും ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുള്ള കൃഷിരീതികളും ജനങ്ങൾക്ക് പരിചയപ്പെടുത്തി കൊടുത്തു. കൃഷി വകുപ്പിന്റെ 'ഞങ്ങളും കൃഷിയിലേക്ക്'എന്ന പദ്ധതിയുടെ ആശയത്തിൽ ഊന്നി ഒരുക്കിയ വിവിധ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സ്റ്റാളുകളോടൊപ്പം സ്മാർട്ട് കൃഷിഭവൻ സേവനങ്ങൾ, വിള ആരോഗ്യ കേന്ദ്രം, മണ്ണുപരിശോധന എന്നിവയുടെ സേവനങ്ങളും എല്ലാ കാർഷിക പദ്ധതികളുടെയും വിശദവിവരങ്ങളും നൽകുന്നതിനായി കൃഷി ഉദ്യോഗസ്ഥരുടെ സേവനവും ലഭ്യമായിരുന്നു. വയനാടൻ കാർഷിക സംസ്കാരം വിളിച്ചോതുന്ന **ഇന്ദ്രനിശാക, വ്യഹി ധരണി** എന്നീ സ്റ്റാളുകൾ സന്ദർശകരിൽ കൗതുകവും ആഹ്ലാദവും പകർന്നു. തേനും തേനിൽ നിന്നുള്ള മൂല്യവർധിത ഉത്പന്നങ്ങളും, ഹൈഡ്രോപോണിക്സ് പച്ചക്കറി കൃഷി, കിഴങ്ങുവർഗ്ഗവിളകളുടെ പ്രദർശനം വിവിധ ഇനം വിത്തുകൾ, ആരോഗ്യ പോഷക തളിക, വെർട്ടിക്കൽ ഫാമിങ്, വിദേശവും സ്വദേശിയുമായ വിവിധയിനം പഴവർഗ്ഗങ്ങൾ എന്നിവകൊണ്ട് കല്പറ്റ ബ്ലോക്കിലെ ഇന്ദ്രനിശാക നിറഞ്ഞപ്പോൾ 300 ഇനം നെൽവിത്തുകളും ചെറുധാന്യങ്ങളും വിവിധയിനം അരി, ജൈവ കീട- കുമിൾനാശിനികൾ, മിത്ര കീടങ്ങളുടെയും ശത്രു കീടങ്ങളുടെയും പ്രദർശനം എന്നിവക്കൊണ്ട് മാനന്തവാടി ബ്ലോക്ക് സ്റ്റാൾ കൗതുകം ഉണർത്തി. ഇത് കൂടാതെ കേരള കാർഷിക സർവ്വകലാശാല, സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ, കൃഷി വിജ്ഞാൻ കേന്ദ്ര, കിസ്സാൻ സർവീസ് സൊസൈറ്റി, കാർഷിക ഉപകരണങ്ങളും യന്ത്രങ്ങളും പരിചയപ്പെടുത്തി അഗ്രോ എൻജിനീയറിങ്ങ് വിഭാഗം, വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, വയനാട് ആത്മ എന്നിവയുടെ സേവനങ്ങളും ജാം, ജെല്ലി, സ്ക്വാഷ്, മിഠായികൾ, അച്ചാറ്, വിവിധയിനം നടീൽ വസ്തുക്കൾ, മണ്ണിരകമ്പോസ്റ്റ് തുടങ്ങി ഒട്ടനവധി ഉത്പന്നങ്ങളും കൊണ്ട് മേള ശ്രദ്ധേയമായി. ചാത്തമംഗലം കോഴിവളർത്തൽ കേന്ദ്രത്തിന്റെ സ്റ്റാളിൽ 14 ഇനം അലങ്കാര കോഴികളുടെ പ്രദർശനവും, കോഴിവളർത്തലിൽ അധിഷ്ഠിതമായ ജൈവവള മിശ്രിതം, കോഴിമുട്ട കോഴിക്കുഞ്ഞുങ്ങൾ എന്നിവയുടെ വിപണനവും, കോഴി വളർത്താൻ ആഗ്രഹിക്കുന്നവർക്ക് ആവശ്യമായ എല്ലാവിധ സാങ്കേതിക അറിവുകളും പ്രദാനം ചെയ്തു.

## പരിശീലന പരിപാടികൾ

7. കേരള കാർഷിക സർവ്വകലാശാല ഇ -പഠന കേന്ദ്രം **"വാണിജ്യാടിസ്ഥാനത്തിലുള്ള പുഷ്പകൃഷിയും പൂന്തോട്ട പരിപാലനവും "** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലന പരിപാടി മെയ് 16 ന് തുടങ്ങുന്നു. രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി മെയ് 15 ആണ്. പത്ത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന്റെ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സൗകര്യാർത്ഥം പ്രയോജനപ്പെടുത്താവുന്നതാണ്. ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾ ആവശ്യപ്പെട്ടാൽ നിശ്ചിത ഫീസ് ഈടാക്കി സർട്ടിഫിക്കറ്റ് നൽകുന്നതാണ്. www.celkau.in/MOOC/Default.aspx എന്ന ലിങ്ക് വഴി രജിസ്റ്റർ ചെയ്യാവുന്നതാണ്.

8. കാർഷികമേഖലയിലെ സംരംഭകത്വവികസനത്തിൽ എക്കാലവും സംരംഭകർക്ക് താങ്ങായി പ്രവർത്തിക്കുന്ന കേരള കാർഷിക സർവ്വകലാശാലയിലെ അഗ്രിബിസിനസ്സ് ഇൻക്യുബേറ്ററിന്റെ ഈ വർഷത്തെ അഗ്രിപ്രണർഷിപ്പ് ഓറിയന്റേഷൻ പ്രോഗ്രാം സ്റ്റാർട്ട് അപ്പ് ഇൻക്യുബേഷൻ പ്രോഗ്രാം എന്നിവയിലേക്കായി അപേക്ഷ ക്ഷണിക്കുന്നു. ഈ സാമ്പത്തിക വർഷത്തിലെ കെ.എ.യു. റെയ്സ് 2022, കെ.എ.യു. പെയ്സ് 2022 എന്നീ പ്രോഗ്രാമുകളിലേക്ക് 2022 മെയ് 28 വരെ അപേക്ഷിക്കാവുന്നതാണ്. നൂതന ആശയങ്ങളുള്ള കാർഷികമേഖലയിൽ സംരംഭം തുടങ്ങാൻ ആഗ്രഹിക്കുന്നവർക്കും, നവസംരംഭകർക്കും പ്രോഗ്രാമുകളിലേക്ക് അപേക്ഷിക്കാം. കേന്ദ്ര സർക്കാരിന്റെ കാർഷിക കർഷകക്ഷേമ മന്ത്രാലയത്തിന് കീഴിലുള്ള ആർ. കെ. വി. വൈ റാഫ്ത്താർ പദ്ധതിയുടെ കീഴിലാണ് പ്രോഗ്രാമുകൾ സംഘടിപ്പിക്കുന്നത്. കാർഷികമേഖലയിൽ വേറിട്ട ആശയങ്ങളുള്ളവർക്ക് അവ പ്രോട്ടോടൈപ്പുകളായി വികസിപ്പിച്ചെടുക്കുന്നതിനായി അഗ്രിപ്രണർഷിപ്പ് ഓറിയന്റേഷൻ പ്രോഗ്രാമിലേക്കും (കെ.എ.യു. റെയ്സ് 2022), നിലവിൽ സംരംഭം തുടങ്ങിയവർക്ക് പ്രാട്ടോടൈപ്പുകളുടെ വിപുലീകരണത്തിനും വാണിജ്യവത്കരണത്തിനുമായി സ്റ്റാർട്ട്അപ്പ് ഇൻക്യുബേഷൻ പ്രോഗ്രാമിലേക്കും (കെ.എ.യു. പേസ്2022) അപേക്ഷിക്കാം. **കെ.എ.യു. റെയ്സ് 2022** പ്രോഗ്രാമിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നവർക്ക് 2 മാസം നീണ്ടു നിൽക്കുന്ന പരിശീലന പരിപാടിയും പരിശീലനം വിജയകരമായി പൂർത്തിയാക്കിയവരിൽ നിന്ന് തിരഞ്ഞെടുക്കുന്നവർക്ക് 5 ലക്ഷം രൂപ വരെ ഗ്രാന്റും ലഭ്യമാകുന്നതാണ്. **കെ.എ.യു. പെയ്സ് 2022** പ്രോഗ്രാമിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നവർക്ക് പ്രോട്ടോടൈപ്പുകളുടെ വാണിജ്യവത്കരണത്തിനായുള്ള വിദഗ്ദ്ധമാർഗ്ഗ നിർദ്ദേശങ്ങളും സാങ്കേതിക സാമ്പത്തിക സഹായവും അഗ്രിബിസിനസ്സ് ഇൻക്യൂബേഷൻ സൗകര്യം ഉപയോഗപ്പെടുത്തുവാനുള്ള അവസരവും ലഭ്യമാക്കുന്നു. വിവിധ ഘട്ട സ്ക്രീനിങ്ങുകൾക്കുശേഷം തിരഞ്ഞെടുക്കപ്പെടുന്ന സ്റ്റാർട്ട് അപ്പുകൾക്ക് പരമാവധി 25 ലക്ഷം രൂപ വരെ ഗ്രാന്റും ലഭ്യമാകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് www.kau.in അല്ലെങ്കിൽ rabi.kau.in എന്ന

വെബ്സൈറ്റ് സന്ദർശിക്കുകയോ **7899423314/9496987073/0487-2438332** എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുകയോ ചെയ്യാവുന്നതാണ്. നിശ്ചിതമാതൃകയിൽ പൂരിപ്പിച്ച അപേക്ഷകൾ rabi@kau.in എന്നീ ഇ-മെയിൽ വിലാസത്തിലേക്കോ അഗ്രിബിസിനസ്സ് ഇൻക്യുബേറ്ററിലേക്ക് തപാൽ വഴിയോ ഗൂഗിൾഫോം മുഖേനയോ അയയ്ക്കാവുന്നതാണ്. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയ്യതി ഈ മാസം 28 (28.05.2022) ആണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം